MESSAGE FROM THE GOVERNOR

Mr. Speaker : Order, order. I have received the following message from His Excellency the Governor.

9 A.M. "I am greatly pleased with your Motion of Thanks for the Address with which I opened the current session of the Legislative Assembly on January 9, 1970."

ADJOURNMENT MOTION

Proposed Strike by the Departmental Graduate Teachers

മി. സ്പീക്കർ : ഇന്നലെ ശ്രീ. പി. പി. ജാർജ്ജും ശ്രീ. കെ. ടി. ജോർജ്ജും തന്നിരുന്ന അടിയന്തിരപ്രമേയത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് മറുപടി പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് അദ്ധ്യാപകർ നടത്തിയ ഒരു പ്രകടനത്തെ സംബന്ധിച്ചും അവർ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ചും അവർ നടത്തുമെന്നു പറയുന്ന ഒരു പണിമുടക്കത്തെ സംബന്ധിച്ചും ഗവൺമെന്റിന്റെ ശ്രദ്ധ കൃഷ്ണിച്ചുകൊണ്ട് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ പി. പി. ജാർജ്ജും കെ. ടി. ജോർജ്ജും അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെപ്പറ്റി ഏതാനും വാക്കുകൾ പറയാനാണ് ഞാൻ എഴുന്നേറ്റുനിൽക്കുന്നത്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായ ആവശ്യം ഡയറക്ട് റിക്രൂട്ടുമെന്റ് നടത്താൻ വേണ്ടി ഉദ്ദേശിക്കുന്നത് നിറുത്തണമെന്നുള്ളതാണ്. വിദ്യാഭ്യാസവകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥൻമാരുടെ തസ്തികയിലേക്ക് മറ്റു അദ്ധ്യാപകരുടെയിടയിൽനിന്ന് പരീക്ഷ നടത്തിയിട്ട് കുറേപ്പേരെയെങ്കിലും ഓപ്പൺമാർക്കറ്റിൽ നിന്നും റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായം പൊതുവേ വന്നിട്ടുണ്ട്. പ്രശസ്തമായ വെള്ളോടി കമ്മിറ്റി എല്ലാ സൂപ്രവൈസറി പോസ്റ്റുകളിലേക്കും, എല്ലാ ഡിപ്പാർട്ടുമെന്റുകളിലേക്കും കുറെ ഉദ്യോഗസ്ഥൻമാരെ നേരിട്ട് റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായക്കാരാണ്. കേരളത്തിലെ വിദ്യാഭ്യാസോപദേശകസമിതി തന്നെയും ഹെഡ്മാസ്റ്റർമാരുടേയും, എ. ഇ. ഓ. മാരുടേയും, ഡി. ഇ. ഓ. മാരുടേയും തസ്തികകളിലേക്ക് നേരിട്ടു റിക്രൂട്ടുമെന്റ് ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ആധികാരിക രേഖയാണെന്നു കരുതപ്പെടുന്ന കോത്താരി കമ്മിഷൻ റിപ്പോർട്ടിൽ 75 ശതമാനം സൂപ്പർവൈസറി പോസ്റ്റുകളിലേക്കു നേരിട്ടുള്ള നിയമനം നടത്തണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർ, അദ്ധ്യാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടാണെങ്കിലും ഡയറക്ട് റിക്രൂട്ടുമെന്റ് വേണമെന്നുള്ള അഭിപ്രായക്കാരാണ്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചർമാർ അതു വേണ്ടെന്നുള്ള അഭിപ്രായക്കാരുമാണ്. അങ്ങനെ അഭിപ്രായവ്യത്യാസമുള്ള കാര്യമായതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ഗവൺമെന്റിനുചിന്തിക്കേണ്ടതുണ്ട്. ഇപ്പോഴും ഗവൺമെന്റ് അങ്ങനെയൊരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. പക്ഷേ ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് ടീച്ചർമാർ മാത്രമല്ല ഈ സംഗതിയിൽ വികാരമുള്ളവർ എന്നുള്ളതുകൊണ്ട് ഒരിക്കലും ഡയറക്ട് റിക്രൂട്ടുമെന്റ് ഏർപ്പെടുത്തുകയില്ലെന്നുള്ള ഖണ്ഡിതമായ ഉറപ്പു നൽകാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ വേണ്ടത്, ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരായ അദ്ധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചുകിട്ടുക എന്നുള്ള ആവശ്യമാണ്. ആ ആവശ്യം പല തവണ ഈ സഭയിൽ പരാമർശനത്തിനു വിധേയമായതാണ്. മുൻപത്തെ ഗവൺമെൻറും ഇപ്പോഴത്തെ ഗവൺമെൻറും അതു പരിഗണിച്ചിട്ടുള്ളതാണ്. അത് സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരു വിഭാഗക്കാർക്കുമാത്രം അങ്ങനെയൊരു രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതുകൊണ്ടുണ്ടാകുന്ന വിഷമതകളും വളരെ അധികമാണെന്നും, അങ്ങനെയൊരു വിഭാഗക്കാർക്കുമാത്രമായി രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കാൻ സാദ്ധ്യമല്ലെന്നുമുള്ള നിലപാടാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത്. അത് ഒരു ശരിയായ നിലപാടാണെന്ന് എനിക്കു തോന്നുന്നു.

പിന്നെ അദ്ധ്യാപകരുടെ റിട്രെഞ്ച്മെൻറിനെ സംബന്ധിച്ചാണ് ഒരു ഭയാശങ്കയുള്ളത്. അക്കാഡമിക്ക് വർഷത്തിൻെറ അവസാനത്തിൽ പി. എസ്. സി. സെലക്ററ്റ് ചെയ്ത അദ്ധ്യാപകരിൽത്തന്നെ ചിലർ അൽപ്പകാലത്തേക്ക് ത്രോണൗട്ടായി പോകാറുണ്ട്. പിന്നീട് ഒഴിവുണ്ടാകുമ്പോൾ അവരെ നിശ്ചയിക്കുകയും ചെയ്യുന്നുണ്ട്. ആ അസൗകര്യത്തിനെതിരായി അദ്ധ്യാപകർക്ക് വലിയ ഭയാശങ്കയുണ്ടെന്നാണ് അവരുടെ പ്രകടനങ്ങളിൽനിന്നും പ്രസ്താവനകളിൽനിന്നും മനസ്സിലാകുന്നത്. ഇത് എങ്ങനെ ഒഴിവാക്കാൻ കഴിയുമെന്ന് എനിക്ക് അറിയുകയില്ല. ഇങ്ങനെയുള്ള താൽക്കാലികമായ, അൽപ്പകാലത്തേക്കുള്ള റിട്രെഞ്ച്മെൻറ് കൂടാതെ അവരെ നിയമിച്ചുകൊണ്ടുപോകാൻ കഴിയുമോ എന്നുള്ളതു വളരെ ആലോചനക്കുശേഷം മാത്രം എടുക്കാവുന്ന ഒരു തീരുമാനവും, അതു ധനകാര്യവകുപ്പിനേറെയും ആഡിററർമാരുടേയും സ്വാഭാവികമായ എതിർപ്പിനു കാരണമാകുന്ന ഒരു കാര്യവുമാണ്. പക്ഷേ ഗൗരവതരമായ ബുദ്ധിമുട്ട് ഈ കാര്യംകൊണ്ട് അദ്ധ്യാപകർക്ക് ഉണ്ടാകുമെങ്കിൽ അതേസംബന്ധിച്ച് ഗവൺമെൻറ് ആലോചിക്കാൻ തയ്യാറാണെന്നു പറയാൻ ആഗ്രഹിക്കുന്നു.

പിന്നെ ഒരു ആവശ്യം അവർ പറയുന്നത്, ഡെപ്യൂട്ടി ഹെഡ്മാസ്ററർമാരെ നിശ്ചയിച്ച് അവരുടെ പ്രമോഷനുള്ള സാദ്ധ്യത കൂട്ടിക്കൊടുക്കണമെന്നാണ്. അദ്ധ്യാപകർക്ക് പ്രമോഷനുള്ള സ്കോപ്പ് കുറവാണെന്നും, അവർക്ക് അതിൽ വിഷമതകളും ഉണ്ടെന്നുള്ളതും അംഗീകരിക്കുന്ന ഒരാളാണ് ഞാൻ. ആ കാരണംകൊണ്ടാണ് യാതൊരു ഡിപ്പാർട്ടുമെൻറിലും പതിവില്ലാത്ത വിധം 12 കൊല്ലം സൂര്യൻ ഉദിച്ചാൽ അവർക്ക് ഉയർന്ന ഗ്രേഡ് കൊടുക്കാനുള്ള വിചിത്രമായ സംപ്രദായം സ്വീകരിച്ചത്. ആ ആനുകൂല്യം കൊടുത്തിട്ട് ഏതാനും നാളുകളേ ആയുള്ളൂ. ഇപ്പോഴും ഡെപ്യൂട്ടി ഹെഡ്മാസ്ററർമാരുടെ തസ്തിക വേണമെന്നുള്ള ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. അത് ഒരു അതിരു കടന്ന ആവശ്യമാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ വിദ്യാഭ്യാസത്തിനു നമ്മുടെ സ്റേററ് വഹിക്കുന്ന ഭാരിച്ച പണച്ചെലവും നമ്മുടെ ദുർവഹമായ മററു ചെലവുകളും മോശമായ കോശസ്ഥിതിയും എല്ലാംകൂടി നോക്കുമ്പോൾ ഈ ചെലവുകൂടി ഈ അവസരത്തിൽ നമുക്കു താങ്ങാൻ കഴിയുമോ എന്നുള്ളത് സഭ ആലോചിക്കേണ്ടതാണ്. വളരെ അടിയന്തിരമായ ചെലവുകൾക്കുവേണ്ടി, ന്യായമായ ചെലവുകൾക്കുവേണ്ടി, വളരെ നാളായി ശബ്ദം മുഴക്കിക്കൊണ്ടിരിക്കുന്ന അംഗങ്ങളാണ് ഈ സഭയിലുള്ളത്. അൽപ്പനേരം മുൻപ് സ്കൂളുകൾക്കുവേണ്ടിയുള്ള ആവശ്യം ഈ സഭയിൽ ഉന്നയിച്ചപ്പോൾ ഓരോ നിയോജകമണ്ഡലത്തിലും സ്കൂളുകൾക്കുവേണ്ടി ദാഹിക്കുന്ന ബഹുമാനപ്പെട്ട മെമ്പറൻമാരുടെ വികാരം ഞാൻ മനസ്സിലാക്കുകയുണ്ടായി. സ്കൂൾ കെട്ടിടങ്ങൾ, അതുപോലെ പല കാര്യങ്ങളെസംബന്ധിച്ചും ഉള്ള ആവശ്യങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആവശ്യങ്ങളുടെ ചെലവു പോലും നിർവഹിക്കാൻ വിഷമിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമായതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ്, അല്ലാതെ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർമാരെ നിശ്ചയിക്കുക വഴി അദ്ധ്യാപകർക്ക് കിട്ടുന്ന പ്രയോജനത്തെ എടത്തുകളയണമെന്ന ദുഷ്ടബുദ്ധി കൊണ്ടല്ല ഈ ആവശ്യം പെട്ടെന്നു ഗവൺമെന്റ് അംഗീകരിക്കാത്തത്.

അദ്ധ്യാപകർക്ക് വേറൊരു ന്യായമായ ആവലാതിയുള്ളത് ഗ്രാഡുവേറ്റ് അദ്ധ്യാപകരുടെ പോസ്റ്റുകളിലേക്ക് കൺഫർമേഷൻ വളരെക്കാലമായി കൊടുത്തിട്ടില്ലെന്നുള്ളതാണ്. എന്തോ ഒരുപാട് സാങ്കേതികമായ കാരണങ്ങൾ കൊണ്ട് ഈ കാര്യം അങ്ങനെ നീണ്ടുപോയി എന്നേയുള്ളൂ. ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് വന്നു, ഉദ്ഗ്രഥനങ്ങൾ വന്നു. അങ്ങനെയെല്ലാംകൂടി നീണ്ടു പോയതായിരിക്കാം. ഏതായാലും ഇതേസംബന്ധിച്ച് പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ഡി. പി. ഐ. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദീർഘകാലമായി അവർക്ക് കൺഫർമേഷൻ കൊടുക്കുന്നില്ലെന്നും, അവരുടെ വിഷമതകൾ ഓരോന്നായി പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, അത് അനിശ്ചിതമായി നീൽക്കുന്നതുകൊണ്ട് അവർക്ക് മനഃപ്രയാസം ഉണ്ടാകുമെന്നുമുള്ളകാര്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. അവരുടെ വികാരങ്ങളിൽ ഗവൺമെന്റ് പങ്കു ചേരുന്നുണ്ട്. അനിവാര്യമായ കാരണത്താൽ നീണ്ടുപോയതാണെങ്കിലും, ദീർഘകാലം ഇതു നീണ്ടുപോയത് തീർച്ചയായും തെറ്റായിപ്പോയെന്നാണ് എന്റെ അഭിപ്രായം. ആകുന്നതും വേഗം ഈ കാര്യം പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്ന് പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യാപകർ ഉന്നയിച്ച ആവശ്യങ്ങളിൽ ന്യായമായ ആവശ്യങ്ങളെല്ലാംതന്നെ ഗവൺമെന്റിന് ഒരടിക്ക് അനുവദിച്ചുകൊടുക്കാൻ കഴിയുകയില്ല. അനുവദിച്ചു കൊടുക്കാൻ കഴിയുന്ന ആനുകൂല്യങ്ങളുണ്ട്. സാമ്പത്തികമായ വിഷമതകൾ കൂടാതെ അനുവദിച്ചുകൊടുക്കാവുന്ന കാര്യങ്ങളുണ്ട്. അതേസംബന്ധിച്ച് ഗവൺമെന്റു പരിശോധിച്ചു വേണ്ടിവന്നാൽ അദ്ധ്യാപകരുമായി സംസാരിച്ച് വേണ്ടതു ചെയ്യുന്നതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒരു വാചകംകൂടി പറയാനുള്ളത്, സർക്കാർ ഉദ്യോഗസ്ഥൻമാർ എന്നുള്ള നിലയിൽ അദ്ധ്യാപകർ ഉത്തരവാദിത്വത്തോടുകൂടി പെരുമാറണമെന്നുള്ളതാണ്. അവർ സ്കൂളിൽവന്നു വിദ്യാർത്ഥികളോട് വീട്ടിൽ പൊയ്ക്കൊള്ളുകഞ്ഞങ്ങൾ സമരത്തിലാണെന്നു പറയുന്നു. ആ രീതിയിലല്ലാതെ ഈ കാര്യങ്ങൾ പരിഹരിക്കാൻ കഴിയുമായിരുന്നു എന്നും അദ്ധ്യാപകർ ഇൗ വക കാര്യങ്ങളിൽ കുറെ നല്ല മാതൃക കാട്ടേണ്ടതാണെന്നുള്ള എന്റെ അഭിപ്രായം അവർ തീർച്ചയായും ആദരിക്കുമെന്നുമാണ് എന്റെ വിശ്വാസം. അവർ പുറപ്പെടുവിച്ച ലഘുലേഖകളും ബഹിഷ്ക്കരണ പ്രസ്താവനകളും സർക്കാരിന്റെ കീഴിൽ ജോലി ചെയ്യുന്ന ആളുകൾക്കു ചേർന്നതല്ല, അവരിൽനിന്നു പ്രതീക്ഷിച്ചതല്ല. അദ്ധ്യാപകരിൽനിന്നു വിശേഷിച്ച് പ്രതീക്ഷിക്കുന്നതല്ല. അവർക്ക് വാസ്തവത്തിൽ വികാരങ്ങളുണ്ട്; ആകാംക്ഷേപങ്ങളുണ്ട് എന്നുള്ളതു വാസ്തവമാണ്. അതിന് അതൊക്കെ മിതമായ ഭാഷയിൽ മര്യാദയുള്ള ശൈലിയിൽ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻമാരെപ്പറ്റി പറഞ്ഞ ആശയങ്ങളും വാചകങ്ങളും എല്ലാം കുറെക്കൂടി സംസ്കാരസമ്പന്നമായ രീതിയിൽ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. അവരുടെ വികാരങ്ങൾകൊണ്ട് പറഞ്ഞതായിരിക്കും. മേലിൽ ഇത്തരം കാര്യങ്ങൾ വരുകയില്ലെന്നാണ് എന്റെ വിശ്വാസം. അദ്ധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കുക തുടരെത്തുടരെ അനുവദിച്ചുകൊടുക്കുക എന്നുള്ള നയമാണ് ഈ ഗവൺമെന്റായാലും മുൻപത്തെ ഗവൺമെന്റായാലും സ്വീകരിച്ചുകൊണ്ടിരുന്നത്. പല ആവശ്യങ്ങളും അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ കഴിവിനനുസരിച്ച് എല്ലാ ആവശ്യങ്ങളും അനുഭാവപൂർവം പരിഗണിക്കുന്നതാണെന്നു പ്രസ്താവിക്കുവാൻ മാത്രം ഞാൻ ആഗ്രഹിക്കുകാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്: ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ അദ്ധ്യാപകരുടെ ഡിമാന്റിനെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ മുഴുവൻ ന്യായാന്യായങ്ങളിലേക്കു കടക്കുന്നില്ല. അവർ സമരരംഗത്തേക്ക് നീങ്ങിയിരിക്കുകയാണ്. ഇന്നലെ അദ്ധ്യാപകരുടെ ഒരു പ്രകടനം തിരുവനന്തപുരത്തു നടക്കുകയുണ്ടായി ഫെബ്രുവരി മാസം 9-ാംതീയതി സൂചനാ ബന്ത് നടത്തുന്നതിനും ഫെബ്രുവരി 15-ാംതീയതി മുതൽ സ്ട്രൈക്ക് നടത്തുന്നതിനുമുള്ള തീരുമാനത്തിൽ അവർ എത്തിച്ചേർന്നിരിക്കുകയാണ്. വളരെക്കാലത്തെ ആലോചനയ്ക്കുശേഷം ഇത്തരം സമരപരിപാടികളിലേക്ക് നീങ്ങിയിരിക്കുന്ന അദ്ധ്യാപകരെ ഒരു സമരത്തിലേക്കു വലിച്ചിഴയ്ക്കാതെ അവർ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനു മുൻപു ഒരു ഒത്തുതീർപ്പു സംഭാഷണംവഴി ഈ പ്രശ്നം പരിഹരിക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബി. മാധവൻ നായർ : അദ്ധ്യാപകരെ ഗവൺമെന്റുദ്യോഗസ്ഥൻമാരിൽനിന്നു വേർതിരിച്ചുകൊണ്ട് കോത്താരി കമ്മിഷൻ നൽകിയിട്ടുള്ള ശുപാർശ ഭാഗികമായി ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ നിലയ്ക്കു സർക്കാർ ഉദ്യോഗസ്ഥൻമാരിൽനിന്ന വ്യത്യസ്തമായി രഷ്ട്രീയ സ്വാതന്ത്ര്യം അദ്ധ്യാപകർക്ക് കൊടുക്കേണ്ടതാണെന്നുള്ള കോത്താരി കമ്മിഷന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് ഈ ഗവൺമെന്റ് ഒന്നുകൂടി പുനരാലോചിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. പി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ച അദ്ധ്യാപകരുടെ കൺഫർമേഷന്റെ കാര്യത്തെസംബന്ധിച്ച് ഒരു വാക്കു പറയാനുണ്ട്. 1952-നുശേഷം ഡിപ്പാർട്ടുമെന്റ് സ്ക്കൂളുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് കൺഫർമേഷൻ ലഭിച്ചിട്ടില്ലെന്നുള്ളതിന്റെ വെളിച്ചത്തിൽ ഇങ്ങനെ 4000 അദ്ധ്യാപകർ നമ്മുടെ സംസ്ഥാനത്ത് സ്ഥിരപ്പെടുത്തൽ കിട്ടാത്തതു കൊണ്ടു വിഷമിക്കുന്നുണ്ടെന്നുള്ള ഏറ്റവും പ്രധാനമായ കാര്യത്തെ പരിഗണിച്ചുകൊണ്ട് അതേസംബന്ധിച്ച് അടിയന്തിരമായ നടപടികൾ എടുക്കാനും ശ്രീ. കെ. ടി. ജോർജ് നിർദ്ദേശിച്ചതുപോലെ അസോസിയേഷൻ പ്രതിനിധികളുമായി ഇതുസംബന്ധിച്ച് ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നം പരിഹരിക്കാനും തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയം ചർച്ചചെയ്യാൻ അനുമതി നൽകുന്നില്ല.

CALLING ALLENTION UNDER RULE 61

Closure of the Devaswam Board School at Nariampara

ഉടുമ്പൻചോല താലൂക്കിൽ നരിയംപാറ കോളേജിൽ നടക്കുന്ന സമരത്തെ സംബന്ധിച്ചും അവിടത്തെ രണ്ടു വിദ്യാർത്ഥികളെ ആക്രമിച്ച് അവർ ആശുപത്രിയിൽ അഭയം പ്രാപിച്ചതിനെ സംബന്ധിച്ചും കോളേജ് അനിശ്ചിതകാലത്തേക്ക് അടച്ചു പൂട്ടിയിട്ടിരിക്കുന്നതിനെ സംബന്ധിച്ചും റൂൾ 61 അനുസരിച്ച് ശ്രീ. പുരുഷോത്തമൻപിള്ള ഒരു നോട്ടീസ് തന്നിട്ടുണ്ട്. അദ്ദേഹത്തിനു അതേപ്പറ്റി സംസാരിക്കാം.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: സർ, കോട്ടയം ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ നരിയംപാറ എന്ന സ്ഥലത്ത് ദേവസ്വംബോർഡിന്റെ ആഭിമുഖ്യത്തിലുള്ള കോളേജ് കഴിഞ്ഞ 14-1-70 മുതൽ അനിശ്ചിത

LIBRARY ARCHIVES Kerala Legislative Assembly